# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1134   04.12.2014 -ലെ മറുപടിയ്ക്ക്**

**പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഇ.പി. ജയരാജൻ | | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ പ്ലസ് ടു സ്കൂളുകൾ അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | 225.<br>ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | സർക്കാർ മേഖലയിൽ പുതുതായി എത്ര പ്ലസ് ടു സ്കൂളുകളാണ് അനുവദിച്ചത്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | 61 സ്കൂളുകൾ.<br>ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | എയിഡഡ് മേഖലയിൽ പുതുതായി എത്ര പ്ലസ് ടു സ്കൂളുകളാണ് അനുവദിച്ചത്; ഓരോ സ്കൂളിന്റെയും മാനേജ്മെന്റിന്റെ വിലാസവും ജില്ല തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ; | (സി) | 164 സ്കൂളുകൾ.<br>ജില്ല തിരിച്ചുള്ള വിവരം അനുബന്ധം III ആയി ചേർക്കുന്നു.<br>സ്കൂളിന്റെ ഔദ്യോഗിക വിലാസം തന്നെയാണ് മാനേജരുടെ വിലാസമായി ഉപയോഗിക്കുന്നത്. |
| (ഡി) | സർക്കാർ മേഖലയിൽ അനുവദിച്ച പ്ലസ് ടു സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി ആകെ എത്ര തസ്തികകൾ അനുവദിച്ചു; | (ഡി) | സർക്കാർ മേഖലയിൽ സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചിട്ടില്ല. |
| (ഇ) | എയിഡഡ് മേഖലയിൽ അനുവദിച്ച പ്ലസ് ടു സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി ആകെ എത്ര തസ്തികകൾ അനുവദിച്ചു; | (ഇ) | എയ്ഡഡ് മേഖലയിൽ 8 സ്കൂളുകളിലായി 79 തസ്തികകൾ അനുവദിച്ചു. |
| (എഫ്) | പുതുതായി അനുവദിച്ച തസ്തികകൾക്ക് ശമ്പളം നൽകുന്നതിന് പ്രതിവർഷം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (എഫ്) | പുതുതായി അനുവദിച്ച സ്കൂളുകളിലെ മുഴുവൻ തസ്തികകളും കണക്കാക്കിയിട്ടില്ല. ആയതിനുശേഷം മാത്രമേ ചെലവ് കണക്കാക്കാൻ കഴിയുകയുള്ളൂ. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ